(സി) റിബേറിനത്തിലുള്ള കേന്ദ്രവിഹിതം വർഷത്തിൽ 2 കോടി രൂപയായി നിജപ്പെടുത്തണമെന്ന് 1995-96 വർഷത്തിൽ റിബേറ് തുടർന്ന് അനുവദിച്ചുകൊണ്ടുള്ള കത്തിൽ കേന്ദ്ര ഗവൺമെന്റ് നിർദ്ദേശിക്കുകയുണ്ടായി. റിബേറിന് പകരമായി ഒരു മാർക്കറ്റ് ഡവലപ്പ്മെന്റ് പദ്ധതി നടപ്പിലാക്കണമെന്ന നിർദ്ദേശവും കേന്ദ്രഗവൺമെന്റിന്റെ പരിഗണനയിലുള്ളതായിട്ടറിയുന്നു.

(ഡി) റിബേറ് സ്കീം തുടരണമെന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം.

(ഇ) റിബേറിനത്തിൽ 2.50 കോടി രൂപ വിതരണം ചെയ്യാനുണ്ട്.

(എഫ്) 1995-96 സാമ്പത്തിക വർഷാവസാനത്തോടെ മുഴുവൻ കുടിശ്ശികയും വിതരണം ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷ.

(ജി) റിബേറിനത്തിൽ 1993-94 മുതൽ 1995-96 വരെ കേന്ദ്രത്തിൽ നിന്നും ലഭിച്ച തുകയും ചെലവായ തുകയും ചുവടെ ചേർക്കുന്നു.

വർഷം	കേന്ദ്രത്തിൽ നിന്നും ലഭിച്ച തുക	ചെലവായ തുക
1993-94	126.85 ലക്ഷം രൂപ	240 ലക്ഷം രൂപ
1994-95	89.15 ലക്ഷം രൂപ	300 ലക്ഷം രൂപ
1995-96	88.85 ലക്ഷം രൂപ	200 ലക്ഷം രൂപ

മലബാർ ദേവസ്വം ബോർഡിന്റെ ആസ്ഥാനം

34. [1815] ശ്രീ. എ. സുജനപാൽ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മലബാർ ദേവസ്വം ബോർഡിന്റെ ആസ്ഥാനം എവിടെയാണെന്ന് തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എവിടെയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

മലബാർ ദേവസ്വം ബോർഡിനെ സംബന്ധിച്ച് ഇതുവരെ നയപരമായ തീരുമാനമൊന്നും എടുത്തിട്ടില്ല. നിർദ്ദേശങ്ങൾ പരിഗണനയിലാണ്.

അസിസ്റ്റന്റുമാരുടെ ഒഴിവു നികത്താൻ നടപടി

35. [1816] ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റ് ധനകാര്യവകുപ്പിൽ അസിസ്റ്റന്റ് വിഭാഗത്തിൽ എത്ര ഒഴിവുകൾ ഉണ്ട് ;

(ബി) ഇവ എന്നു മുതലാണ് ഒഴിഞ്ഞു കിടക്കുന്നത് ;

(സി) പ്രസ്തുത തസ്തികകളിൽ നിയമനം നടത്താത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(ഡി) അസിസ്റ്റന്റ് തലത്തിൽ ഒഴിവുകൾ നിലനിൽക്കുന്നതിനാൽ ധനകാര്യവകുപ്പിൽ ഭരണനിർവഹണത്തിന് കാലതാമസമുണ്ടാകുന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly